# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3254 11.12.2014 - ൽ മറുപടിക്ക്**

## സംസ്ഥാനത്തെ റോഡ് നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. വി. റ്റി. ബൽറാം :**<br>**ശ്രീ. വർക്കല കഹാർ :**<br>**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :**<br>**ശ്രീ. ഷാഫി പറമ്പിൽ :** | | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പ് മന്ത്രി)** | |
| (എ) | റോഡ് നിർമ്മാണം ദേശീയ നിലവാരത്തിലേക്ക് ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ; | (ബി) | ദീർഘകാലം ഈടുനിൽക്കുന്ന പ്രതലവും, റോഡു സുരക്ഷയ്ക്ക് ആവശ്യം വേണ്ടുന്ന പ്രവൃത്തികളും ഉൾപ്പെടെ സ്ഥല ലഭ്യതയ്ക്കനുസരിച്ച് ഇന്ത്യൻ റോഡ്സ് കോൺഗ്രസ്സ് നിഷ്ക്കർഷിയ്ക്കുന്ന മാനദണ്ഡത്തിന് വിധേയമായി റോഡുകൾ നിർമ്മിക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യം. |
| (സി) | എന്തെല്ലാം സൗകര്യങ്ങളും ഗുണനിലവാരവുമാണ് ഇതു വഴി ലഭിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | നിലവാരമുള്ള പ്രതലവും, റോഡ് മാർക്കിങ്ങുകൾ, സുരക്ഷാ ബോർഡുകൾ, ഓടകൾ, പാർശ്വ |

ഭിത്തികൾ എന്നീ സൗകര്യങ്ങളും ഇതിൽ ഉൾപ്പെടുന്നു.

| | | | |
|---|---|---|---|
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുള്ള വിശദാംശം അറിയിക്കുമോ ? | (ഡി) | സംസ്ഥാനത്ത് പദ്ധതിയിനത്തിൽ പുതിയ റോഡ് നിർമ്മാണം ഏറ്റെടുത്ത് നടത്തുമ്പോൾ പരമാവധി പദ്ധതികളിലും ഇത്തരത്തിൽ BM & BC സാങ്കേതികവിദ്യ ഉപയോഗിച്ച് കൂടുതൽ കാലം നിലനിൽക്കത്തക്ക രീതിയാണ് അവലംബിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ